Website: www.keralapsc.org
Email: kpsc@keralapsc.org

Telephone: 2222665
Fax: 0468-2271665

# കേരള പബ്ലിക് സർവീസ് കമ്മീഷൻ
## ജില്ലാ ആഫീസ് പത്തനംതിട്ട

ചുരുക്കപ്പട്ടിക നമ്പർ.എസ്.എൽ.1/2008/ഡി.ഒ.എച്ച്. — പത്തനംതിട്ട
കാറ്റഗറി നമ്പർ: 87/2006 — തീയതി: 22.01.2008

**<u>വിജ്ഞാപനം</u>**

13.10.2006 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം പത്തനംതിട്ട ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ 4600-7125 രൂപ (പി.ആർ) ശമ്പള നിരക്കിൽ ഹൈസ്ക്കൂൾ അസിസ്റ്റൻറ് (അറബിക്) തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ: 87/2006) തെരഞ്ഞെടുപ്പിനായി 07.04.2007-ന് നടത്തിയ എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ അഭിമുഖത്തിന് വിളിക്കപ്പെടാൻ സോപാധികമായി അർഹരാണെന്നുകണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ അടങ്ങിയ ചുരുക്കപ്പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഈ രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പരുകൾക്ക് മുന്നിൽ പത്തനംതിട്ട ജില്ലയെ സൂചിപ്പിക്കുന്ന 'എച്ച്' എന്ന അക്ഷരം ചേർത്ത് വായിക്കേണ്ടതാണ്.

**<u>മുഖ്യപട്ടിക</u>**

| | | | | | |
|---|---|---|---|---|---|
| **204** | **219** | **226** | **237** | **244** | **256** |
| **276** | **293** | **294** | **299** | **324** | |

**<u>ഉപപട്ടികകൾ</u>**

1. <u>ഈഴവ</u>:

ഇല്ല

2. <u>പട്ടികജാതി</u>:

ഇല്ല

3. <u>പട്ടികവർഗ്ഗം</u>

ഇല്ല

4. <u>മുസ്ലീം</u>

| | | |
|---|---|---|
| 202 | 225 | 292 |
| 312 | 327 | 331 |

(തുടർച്ച.....2)

5. ലത്തീൻ കത്തോലിക്ക

ഇല്ല

6. മറ്റു പിന്നോക്ക സമുദായം

ഇല്ല

7. വിശ്വകർമ്മ

ഇല്ല

8. എസ്.ഐ.യു.സി. നാടാർ/ആംഗ്ലോ ഇൻഡ്യൻ

ഇല്ല

9. മറ്റു ക്രിസ്ത്യാനികൾ

ഇല്ല

10. ധീവര

ഇല്ല

കുറിപ്പ്: 1) അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പരുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് അഭിമുഖത്തിനു വിളിക്കപ്പെടുന്നതിനോ അതിനുശേഷം റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിനോ യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

2)അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാന മാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശ വാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3) ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ-അതായത് യോഗ്യത, ജനനതീയതി, ജാതി എന്നിവയും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിനാവശ്യമായ പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ജില്ലാ ആഫീസർ, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ആഫീസ്, പത്തനംതിട്ട എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. ആവശ്യമായ പ്രമാണങ്ങളുടെ പകർപ്പുകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ ഹാജരാക്കാത്ത ഉദ്യോഗാർത്ഥി കളുടേയും അപേക്ഷയിൽ മറ്റ് എന്തെങ്കിലും ന്യൂനതകൾ ഉള്ളതായികണ്ടെത്തുന്ന ഉദ്യോഗാർത്ഥികളുടേയും രജിസ്റ്റർ നമ്പരുകൾ ഇനി ഒരറിയിപ്പ് കൂടാതെതന്നെ ഈ ചുരുക്കപ്പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

പരീക്ഷയിൽ 73 (എഴുപത്തിമൂന്ന്)-ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ ചുരുക്കപ്പട്ടികയുടെ മുഖ്യ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ അടിസ്ഥാനമാർക്കിൽ ആവശ്യമായ ഇളവ് വരുത്തിയാണ് ഉപപട്ടികകൾ തയ്യാറാക്കിയിരിക്കുന്നത്

(തുടർച്ച.....3)

ഈ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും, 25.08.2007–ലെ സർക്കാർ ഉത്തരവ് (പി)നം. 46/2007/എസ്.സി./എസ്.റ്റി.ഡി.ഡി. പ്രകാരം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ട വരുമായ മറ്റു പിന്നോക്ക സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ആയത് അഭിമുഖത്തിന്റെ സമയത്ത് ഹാജരാക്കേണ്ടതാണ്. മുഖ്യ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിന് വീഴ്ച്ച വരുത്തുന്നപക്ഷം അവരെ സാമുദായിക സംവരണത്തിന് അർഹമല്ലാത്ത ഓപ്പൺ കോമ്പറ്റീഷൻ ഉദ്യോഗാർഥി കളായി പരിഗണിക്കുന്നതാണ്. മറ്റു പിന്നോക്ക സമുദായങ്ങളുടെ ഉപപട്ടികകളിലുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്തപക്ഷം അവരുടെ രജിസ്റ്റർ നമ്പരുകൾ ഇനിയൊരറിയിപ്പുകൂടാതെ ഈ ചുരുക്കപ്പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

അഭിമുഖത്തിനുള്ള തീയതി, സമയം, സ്ഥലം എന്നിവ പിന്നാലെ അറിയിക്കുന്നതാണ്.

ഉത്തരക്കടലാസ് അസാധുവാക്കപ്പെട്ട ഉദ്യോഗാർത്ഥികളിൽനിന്നും ലഭിക്കുന്ന പുന: പരിശോധനയ്ക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

നിലവിലുള്ള നടപടിക്രമമനുസരിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസ് പുന:പരിശോധന നടത്തുന്നതല്ല. എന്നാൽ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച തിനുശേഷം ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവരുൾപ്പെടെ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഉത്തര ക്കടലാസുകൾ പുന: പരിശോധിക്കാൻ അവസരം ലഭിക്കുന്നതാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനത്തോടൊപ്പം ഉണ്ടായിരിക്കുന്നതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

ലാലി തോമസ്. എം
ജില്ലാ ആഫീസർ
കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, പത്തനംതിട്ട.

വിതരണാനുമതി നൽകുന്നു.

സെക്ഷൻ ആഫീസർ

പി.എസ്./